**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **10-08-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വന ഡിവിഷനിലെ അനധികൃത വൈഡൂര്യ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിലെ അനധികൃത വൈഡൂര്യ ഖനനവുമായി ബന്ധപ്പെട്ട് പാലോട് റേഞ്ചിൽ എത്ര ഒ.ആർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | ഒ.ആർ.14/2014, ഒ.ആർ.29/2021 എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അനധികൃത വൈഡൂര്യ ഖനനത്തിലൂടെ എത്ര കോടി രൂപയുടെ വൈഡൂര്യം നഷ്ടപ്പെട്ടു എന്ന് ശാസ്ത്രീയാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ബി) | കണക്കാക്കിയിട്ടില്ല. |
| (സി) | കോട്ടയം വിജിലൻസ് കൺസർവേറ്റർ അനധികൃത വൈഡൂര്യ ഖനന കേസിൽ നടത്തിയ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ വിശദീകരിക്കാമോ; | (സി) | വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ കീഴിലുള്ള തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്മേൽ കോട്ടയം (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച അഭിപ്രായത്തിൽ മൺസൂൺ കാലത്ത് മേൽപ്രദേശത്ത് നടത്തേണ്ടതായ ഫീൽഡ് പരിശോധനകളിൽ ഉണ്ടായ വീഴ്ചകളാണ് അനധികൃത ഖനനപ്രവർത്തനങ്ങൾക്ക് ഇടയാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വൈഡൂര്യ കേസിലെ പ്രതികളെയും തൊണ്ടിയും കണ്ടെത്തി കോടതി മുമ്പാകെ കേസ് ചാർജ് സമർപ്പിച്ചിട്ടുണ്ടോ;? | (ഡി) | ഒ.ആർ.14/2014 നമ്പർ കേസിലെ പ്രതികളെയും, തൊണ്ടിയും കണ്ടെത്തി ബഹു. കോടതി മുമ്പാകെ കേസ് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് രജിസ്റ്റർ ചെയ്ത ഒ.ആർ.29/2021 നമ്പർ കേസിലെ പ്രതികളെ ഇതുവരെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ